**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 717** **28-01-2026 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല നിയോജകമണ്ഡലത്തിലെ വൈദ്യുതി വകുപ്പ് പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ** | **ശ്രീ . കെ . കൃഷ്ണൻകുട്ടി**<br>**(വൈദ്യുതി വകുപ്പ് മന്ത്രി)** |

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പാറശ്ശാല നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിശദവിവരങ്ങളും ഓരോ പദ്ധതിക്കുമായി ചെലവഴിച്ച തുകയുടെ വിവരങ്ങളും പട്ടിക തിരിച്ച് ലഭ്യമാക്കുമോ;

(എ) **കെ.എസ്.ഇ.ബി.എൽ.**

പാറശ്ശാല നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന 1,67,340/- രൂപ ചിലവിൽ 6 പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ടി നിയോജകമണ്ഡലത്തിൽ സൗര ഫേസ് 1 പദ്ധതിയിൽ ഉൾപ്പെടുത്തി 62,10,000/- രൂപയ്ക്ക് പുരപ്പുറ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

പാറശാല നിയമസഭാ മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതു വരെ പ്രസരണ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നം. | പദ്ധതി | ചെലവഴിച്ച തുക |
|---|---|---|
| 1 | 110/11 കെ.വി. 12.5 MVA ട്രാൻസ്ഫോർമർ പാറശ്ശാല സബ്സ്റ്റേഷനിൽ കൂട്ടിച്ചേർത്ത പ്രവൃത്തി. | 333 ലക്ഷം |
| 2 | RDSS പദ്ധതിയുടെ കീഴിൽ 110 kV സബ്സ്റ്റേഷൻ, പാറശ്ശാലയിൽ നിന്നു 33kV സബ്സ്റ്റേഷൻ, വെള്ളറട വരെ 120 sqmm AAAC XLPE കവേർഡ് കണ്ടക്ടർ ഉപയോഗിച്ച് 33 kV OH ലൈൻ റീകണ്ടക്ടറിങ് . | 337 ലക്ഷം |

ഈ സർക്കാർ അധികാരമേറ്റ ശേഷം പാറശ്ശാല നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന വിതരണ മേഖലയിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിവരങ്ങളും ഓരോ പദ്ധതിക്കുമായി ചെലവഴിച്ച തുകയുടെ വിവരങ്ങളും ചുവടെ ചേർക്കുന്നു.

**പൂർത്തിയാക്കിയ പ്രവൃത്തികൾ**

| ക്രമ നം. | പദ്ധതിയുടെ പേര് | പ്രവൃത്തികളുടെ എണ്ണം | തുക (കോടിയിൽ) | പ്രവൃത്തികളുടെ വിശദാംശങ്ങൾ |
|---|---|---|---|---|
| 1 | ദ്യുതി 2.0 | 242 | 11.35 | 1.എച്ച്.റ്റി ലൈൻ നിർമ്മാണം-9km<br>2.എൽ.റ്റി ലൈൻനിർമ്മാണം -11.47km<br>3. എൽ ടി റീ കണ്ടക്ടറിംഗ് -32 കി മി<br>4. എച്ച് ടി റീ കണ്ടക്ടറിംഗ് -15 കി മി<br>5. ട്രാൻസ്ഫോർ മർ സ്ഥാപിക്കൽ- 14 എണ്ണ<br>6. ട്രാൻസ്ഫോർ മർ |

| | | | | |
|---|---|---|---|---|
| | | | | ശേഷി വർദ്ധിപ്പിക്കൽ -11 എണ്ണം |
| 2 | പി.പി.എസ് (പഞ്ചായത്ത് പണമടയ്ക്കുന്ന പ്രവൃത്തികൾ) | 199 | 2.08 | സ്ട്രീറ്റ് ലൈൻ നീട്ടുന്ന പ്രവൃത്തി |

**അനെർട്ട്**

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പാറശ്ശാല നിയോജകമണ്ഡലത്തിൽ അനെർട്ട് വഴി നടപ്പിലാക്കിയ സൗരോർജ്ജ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- അനെർട്ടിന്റെ സൗരതേജസ് പദ്ധതി (വീട്ടുകളിൽ സബ്സിഡിയോട് കൂടി സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി) വഴി 2 വീട്ടുകളിലായി 8 കിലോവാട്ട് സ്ഥാപിത ശേഷി വരുന്ന ഗ്രിഡ് ബന്ധിത സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചു. ഹരിത വരുമാന പദ്ധതി (സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സൗജന്യമായി സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചു നൽകി, അവർക്ക് സൗജന്യ വൈദ്യുതിയും ഒപ്പം ശേഷിക്കുന്ന അധിക വൈദ്യുതി കെ. എസ്സ്. ഇ. ബി. എൽ. ഗ്രിഡിലേക്ക് നൽകുന്നത് വഴി വരുമാനവും ലഭ്യമാക്കുന്ന പദ്ധതി) മുഖേന 20 വീട്ടുകളിലായി 52 കിലോവാട്ട് സ്ഥാപിത ശേഷി വരുന്ന ഗ്രിഡ് ബന്ധിത സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചു. പൂർണ്ണമായും സൗജന്യമായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കിയത്. ഇതിനായി സംസ്ഥാന സർക്കാർ വിഹിതമായി 23,63,204/- രൂപയും കേന്ദ്ര സർക്കാർ വിഹിതമായി 10,02,784/- രൂപയും ചെലവഴിച്ചിട്ടുണ്ട്.
- അനെർട്ടിന്റെ ഡെപ്പോസിറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി പാറശ്ശാല നിയോജകമണ്ഡലത്തിന്റെ കീഴിലെ വിവിധ സർക്കാർ കെട്ടിടങ്ങളിൽ ആകെ **34** കിലോവാട്ട് സ്ഥാപിത ശേഷി വരുന്ന ഗ്രിഡ് ബന്ധിത സൗരോർജ്ജ നിലയങ്ങൾ **(6 എണ്ണം)** സൗരതെരുവ് വിളക്ക് **(2 എണ്ണം)** എന്നിവ സ്ഥാപിച്ചു. ഇതിനായി ആകെ **28,14,329/-** രൂപ ചെലവഴിച്ചു.

പാറശ്ശാല നിയോജകമണ്ഡലത്തിൽ അനെർട്ട് വഴി നടപ്പിലാക്കിയ സൗരോർജ്ജ പദ്ധതികളുടെ വിവരങ്ങൾ **അനുബന്ധം-1** ആയി ചേർക്കുന്നു.

**എനർജി മാനേജ്മെന്റ് സെന്റർ**

നവകേരളം കർമ്മ പദ്ധതി നെറ്റ് സീറോ കാർബൺ കേരളത്തിനായി തിരുവനന്തപുരം ജില്ലയിൽ തെരഞ്ഞെടുത്ത കൊല്ലയിൽ, പെരുങ്കടവിള പഞ്ചായത്തുകളിലെ 53 അങ്കണവാടികളിൽ എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി.) അംഗൻജ്യോതി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി വൈദ്യുത ഇൻഡക്ഷൻ അടുപ്പ്, ഇൻഡക്ഷന് അനുയോജ്യമായ ആറ് തരം പാത്രങ്ങൾ എന്നിവ നൽകിയിരുന്നു. ഇതുവഴി ഓഫ് പീക്ക് സമയത്തെ വൈദ്യുതി പാചകം പ്രോത്സാഹിപ്പിക്കുവാനും എൽപിജി ഉപയോഗം കുറയ്ക്കുവാനും സാധിക്കുന്നതാണ്. 53 അങ്കണവാടികളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി 4,97,829/- രൂപ ഇ.എം.സി. ചെലവാക്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഇക്കാലയളവിൽ പ്രസ്തുത മണ്ഡലത്തിൽ ട്രാൻസ്ഗ്രിഡ് പദ്ധതി, ദ്യുതി പദ്ധതി, എന്നിവയിൽ ഉൾപ്പെടുത്തി നടത്തിയ സബ്സ്റ്റേഷൻ നവീകരണം, ലൈൻ മാറ്റം, പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ എന്നിവയുടെ വിശദാംശം നൽകാമോ; | (ബി) | **കെ.എസ്.ഇ.ബി.എൽ.**<br>പ്രസരണ മേഖലയിൽ ട്രാൻസ്ഗ്രിഡ്, ദ്യുതി പദ്ധതികൾ ഒന്നും ഇല്ല.<br>വിതരണ മേഖലയിൽ ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തിയ പ്രവൃത്തികളുടെ വിവരങ്ങൾ **അനുബന്ധം-2** ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത മണ്ഡലത്തിൽ ഇക്കാലയളവിൽ സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എസ്.സി./ എസ്.ടി. വിഭാഗങ്ങൾക്കും ബി.പി.എൽ. വിഭാഗങ്ങൾക്കുമായി എത്ര കണക്ഷനുകൾ വീതമാണ് നൽകിയതെന്ന് വ്യക്തമാക്കുമോ; | (സി) | **<u>കെ.എസ്.ഇ.ബി.എൽ.</u>**<br>പ്രസ്തുത മണ്ഡലത്തിൽ ഇക്കാലയളവിൽ സൗജന്യ വൈദ്യുത കണക്ഷൻ നൽകിയിട്ടുണ്ട്.<br>**1)** ബി പി എൽ **-154**<br>**2)** എസ് സി/എസ് ടി – ഇല്ല |
| (ഡി) | നിലവിൽ മണ്ഡലത്തിൽ അനുമതി ലഭിച്ചതും എന്നാൽ പ്രവൃത്തി ആരംഭിക്കാത്തതുമായ വൈദ്യുതീകരണ പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ; | (ഡി) | **<u>കെ.എസ്.ഇ.ബി.എൽ.</u>**<br>ഒറ്റശേഖരമംഗലത്ത് ഒരു **110** കെ.വി. സബ്സ്റ്റേഷൻ നിർമിക്കുന്നതിനായി ഭരണാനുമതിക്ക് വേണ്ടിയുള്ള എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്.<br>വിതരണ മേഖലയിൽ നിലവിൽ മണ്ഡലത്തിൽ അനുമതി ലഭിച്ചതും എന്നാൽ പ്രവൃത്തി ആരംഭിക്കാത്തതുമായ വൈദ്യുതീകരണ പദ്ധതികൾ **അനുബന്ധം-3** ആയി ചേർത്തിരിക്കുന്നു. |
| (ഇ) | പാറശ്ശാല നിയോജക മണ്ഡലത്തിലെ ആര്യൻകോട്, കള്ളിക്കാട്, പെരുങ്കടവിള, വെള്ളറട, ഒറ്റശേഖരമംഗലം, അമ്പൂരി എന്നീ മലയോര പഞ്ചായത്തുകളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ഒറ്റശേഖരമംഗലം കേന്ദ്രമാക്കി 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കണം എന്ന് ആവശ്യപ്പെട്ട് സമർപ്പിച്ചിരുന്ന പ്രൊപ്പോസലിൻമേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ? | (ഇ) | **<u>കെ.എസ്.ഇ.ബി.എൽ.</u>**<br>**26** കോടി രൂപയുടെ **DPR** അംഗീകാരം ലഭിച്ചതായും ഭരണാനുമതിക്ക് വേണ്ടിയുള്ള എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടെന്നും സ്ഥലം കണ്ടെത്തിയതായും കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-1**

## പാറശ്ശാല നിയോജകമണ്ഡലത്തിൽ അനെർട്ട് വഴി നടപ്പിലാക്കിയ സൗരോർജ്ജ പദ്ധതികളുടെ വിവരങ്ങൾ

| ക്രമ. നം. | പദ്ധതിയുടെ പേര് | ചെലവാക്കിയ തുക | ഇനം |
|---|---|---|---|
| 1. | വെള്ളറട ഗ്രാമ പഞ്ചായത്തിൽ സ്ഥാപിച്ച 5 kW ഗ്രിഡ് ബന്ധിത സൗരോർജ്ജ പവർ പ്ലാന്റ് | Rs. 3,25,000/- | ഓൺ ഗ്രിഡ് |
| 2. | കൊല്ലയിൽ ഗ്രാമ പഞ്ചായത്തിൽ സ്ഥാപിച്ച 7 kW ഗ്രിഡ് ബന്ധിത സൗരോർജ്ജ പവർ പ്ലാന്റ് | Rs. 5,06,464/- | ഓൺ ഗ്രിഡ് |
| 3. | കൊല്ലയിൽ കുടുംബാരോഗ്യ കേന്ദ്രത്തിൽ സ്ഥാപിച്ച 5 kW ഗ്രിഡ് ബന്ധിത സൗരോർജ്ജ പവർ പ്ലാന്റ് | Rs. 3,69,183/- | ഓൺ ഗ്രിഡ് |
| 4. | പാറശ്ശാല കൃഷി ഭവനിൽ സ്ഥാപിച്ച 2 kW ഗ്രിഡ് ബന്ധിത സൗരോർജ്ജ പവർ പ്ലാന്റ് | Rs. 1,50,732/- | ഓൺ ഗ്രിഡ് |
| 5. | പാറശ്ശാല ആയുർവേദ ആശുപത്രിയിൽ സ്ഥാപിച്ച 8 kW ഗ്രിഡ് ബന്ധിത സൗരോർജ്ജ പവർ പ്ലാന്റ് | Rs. 4,12,609/- | ഓൺ ഗ്രിഡ് |
| 6. | പരശുവക്കൽ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ സ്ഥാപിച്ച 7 kW ഗ്രിഡ് ബന്ധിത സൗരോർജ്ജ പവർ പ്ലാന്റ് | Rs. 3,81,274/- | ഓൺ ഗ്രിഡ് |
| 7. | ധനുവച്ചപുരം ഗവ ഐ.ടി.ഐ.ൽ സ്ഥാപിച്ച 5 എണ്ണം സൗരോർജ്ജ തെരിവ്വ വിളക്കുകൾ | Rs. 3,81,555/- | സൗരോർജ്ജ തെരിവ്വ വിളക്കുകൾ |
| 8. | പാറശ്ശാല ഗവ ഐ.ടി.ഐ.ൽ സ്ഥാപിച്ച 2 എണ്ണം സൗരോർജ്ജ തെരിവ്വ വിളക്കുകൾ | Rs. 1,24,800/- | സൗരോർജ്ജ തെരിവ്വ വിളക്കുകൾ |

**അനുബന്ധം -2**

കെ എസ് ഇ ബി എൽ വിതരണ മേഖലയിൽ ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി പാറശ്ശാല മണ്ഡലത്തിൽ നടത്തിയ പ്രവൃത്തികളുടെ വിവരങ്ങൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | പ്രവൃത്തികളുടെ എണ്ണം | തുക (കോടികൾ) | പ്രവൃത്തികളുടെ വിശദാംശങ്ങൾ |
|---|---|---|---|---|
| 1 | ദ്യുതി 2.0 | 12 | 3.97 | 1. എച്ച്. റ്റി ലൈൻ നിർമ്മാണം - 9km |
| 2 | | 55 | 2.27 | 2. എൽ. റ്റി ലൈൻ നിർമ്മാണം - 11.47km |
| 3 | | 21 | 1.35 | 3. ട്രാൻസ്ഫോർമർ സ്ഥാപിക്കല് - 14 എണ്ണം |

**അനുബന്ധം -3**

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | പ്രവൃത്തികളുടെ എണ്ണം | തുക (കോടിയിൽ) | പ്രവൃത്തികളുടെ വിശദശാംശങ്ങൾ |
|---|---|---|---|---|
| 1 | ആർ.ഡി .എസ്.എസ് | 17 | 16.42 | 1.എച്ച്. റ്റി ലൈൻ നിർമ്മാണം 16.25km<br>2.എച്ച്. റ്റി റീകണ്ടക്ടറിങ് - 53km<br>3. ട്രാൻസ്ഫോർമർ സ്ഥാപിക്കല്- 3 എണ്ണം |
| 2 | ദ്യുതി 2.0 | 170 | 23.18 | 1.എച്ച്. റ്റി ലൈൻ നിർമ്മാണം - 11.6 km<br>2.എൽ. റ്റി ലൈൻ നിർമ്മാണം - 91 km<br>3.എൽ. റ്റി റീകണ്ടക്ടറിങ് - 95km<br>4.എച്ച്. റ്റി റീകണ്ടക്ടറിങ് -32km<br>5.ട്രാൻസ്ഫോർമർ സ്ഥാപിക്കല്- 6 എണ്ണം<br>6.ട്രാൻസ്ഫോർമർ ശേഷി വര്ദ്ധിപ്പിക്കല് - 6 എണ്ണം |
| 3 | പി.പി.എസ് | 10 | 0.12 | സ്ട്രീറ്റ് ലൈൻ നീട്ടുന്ന പ്രവര്ത്തി |